MALOT A.L.P.SCHOOL
Estd 1925

# മാലോട്ട് എ എൽ പി സ്‌ക്കൂൾ



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 26



# മാലോട്ട് ALP സ്ക്കൂൾ

പി_ഒ കണ്ണാടിപ്പറമ്പ്

തളിപ്പറമ്പ് സൗത്ത് സബ്ബ് ജില്ല

## അക്കാഡമിക മാസ്റ്റർ പ്ലാൻ

## 2025 – 26

# മാലോട്ട് എ എൽ പി സ്ക്കൂൾ

## അക്കാഡമിക മാസ്റ്റർ പ്ലാൻ

## 2025-26

### ആമുഖം

ഇന്നത്തെ ലോകത്ത് സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിൻെറ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെവികസനത്തിലൂടെ സാമൂഹ്യ പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാവികസനത്തിൻെറയും അടിസ്ഥാനമായി വർത്തിക്കുന്നു. അതിനാൽ ഗുണനില വാരമുള്ള വിദ്യാഭ്യാസം വരും തലമുറക്ക് നൽകുന്ന തരത്തിലുള്ള പദ്ധതികൾ വിദ്യാഭ്യാസ രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

കേരളത്തിൽ നടപ്പിലാക്കിയ "പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം" വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവ്വമായ ഉണർവ് സൃഷ്ടിച്ചു. ഇതിൻെറ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതു വിദ്യാലയങ്ങളിലേക്ക് മുൻ കാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതുതായി വന്നുചേർന്നു.സമൂഹത്തിന് പൊതു വിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിൻെറ വ്യക്തമായ സൂചനയാണിത്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞ ത്തിൻെറ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർ പ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളംവിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം സുസ്ഥിര വികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ച പ്രധാന സംഗതി കൂടിയാണ്. വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശം, ഭാഷ, വർഗ, വർണ്ണ, ലിംഗ ഭേദമെന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്.അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിൻെറ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിൻെറ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻെറ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം,മഹാമാരി തുടങ്ങിയവ കാരണം നമുക്ക് കഴിയാതെ വന്നിട്ടുണ്ട്. കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ

വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ചപഠനരീതികളും സജ്ജമാക്കുന്നതിന് മാസ്റ്റർ പ്ലാൻ ഉപകാരപ്പെടണമെന്നാണ് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

* വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജന പ്പെടുത്തുകയും ചെയ്യുന്നു.

* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകര ണങ്ങൾ, ഉദ്യാനം, മൈതാനം ......) എന്നിവ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.

* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

* ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

MALOT ALP SCHOOL

# അക്കാഡമിക മാസ്റ്റർ പ്ലാൻ

## ലൈബ്രറി /പുസ്തക വായന

<u>ലക്ഷ്യം</u>

*സ്വതന്ത്രവായന പരിപോഷിപ്പിക്കൽ

*അക്ഷരസ്‌ഫുടതയോടെയും ഒഴുക്കോടെയുമുള്ള വായന

*ആശയവ്യക്തതയോടെയുള്ള വായന പ്രോത്സാഹിപ്പിക്കുക

*നല്ല പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ സാധിക്കുക

*സ്വതന്ത്രമായ ആശയ രൂപീകരണം

*ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ

<u>പ്രവർത്തനങ്ങൾ</u>

*കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെ ഉച്ചത്തിൽ വായിക്കുക.

*വായനാ കാർഡ് നോക്കി എഴുതുന്നു.

*കുട്ടി രക്ഷിതാവിനെ വായനാ കാർഡ് വായിച്ച് കേൾപ്പിക്കുന്നു.

*നിശബ്ദ വായന

*ഉച്ചത്തിൽ വായിക്കുന്നു.

*വായിച്ചറിഞ്ഞ ആശയം പറയൽ

*വായിച്ചറിഞ്ഞ ആശയം കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു.

*വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞു കൊടുക്കുന്നു.

*വായിച്ചറിഞ്ഞ ആശയം എഴുതുന്നു

*സ്വതന്ത്രമായ ആശയ പ്രകാശനം നടത്തുന്നു.

MALOT ALP SCHOOL

# Academic Master Plan – Std III
## English

Aim : To Read, Write and Speak English without any mistake

Activity

June : Pre test

June and July

* To develop listening skills, and speaking skills
* Hello English activities
* Act according to the instructions

June to March

* Picture reading
* Identify the naming words
* Make simple description about the picture

June to March

Speaking skills

* Picture reading
* Growing sentences
* English assembly

Reading skills

* To read reading cards
* Read simple stories

June to March

Develop creative speaking

* Communicate in English
* English day celebration
* English assembly

Reading skills

* Read simple English stories
* Speak about the story

MALOT ALP SCHOOL

# അക്കാഡമിക മാസ്റ്റർ പ്ലാൻ
## പരിസര പഠനം

| പഠന നേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം. | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതിനടത്തം | ♦ചുറ്റുപാടുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>♦പ്രത്യേകതകൾ മനസ്സിലാക്കാം<br>♦വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>♦ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>♦നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം<br>♦പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം<br>♦തെറ്റും ശരിയും ചർച്ച ചെയ്യാം | ജൂൺ – ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കാം | ♦സക്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>♦വീട്ടിൽ പൂന്തോട്ടം ഒരുക്കാം | ജൂൺ – മാർച്ച് |
| | ഒരു തൈ നടാം | ♦പരിസ്ഥിതി ദിനത്തോടനുബന്ധിച് വൃക്ഷ തൈ നടീൽ<br>♦നട്ട വൃക്ഷ തൈ പരിപാലിക്കൽ | ജൂൺ – മാർച്ച് |
| | പോസ്റ്റർ നിർമ്മാണം | ♦പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>♦പരിസരങ്ങളിൽ പതിക്കൽ | ജൂൺ |
| | ദാഹജലം | ♦പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹ ജലം സജ്ജീകരിക്കാം. | മാർച്ച് – മെയ് |

MALOT ALPSCHOOL

# അക്കാഡമിക മാസ്റ്റർ പ്ലാൻ

## പരിസരപഠനം

.

**ലക്ഷ്യങ്ങൾ**

**കുട്ടി ശാസ്ത്രജ്ഞന്മാർ**

* ശാസത്ര കൗതുകം വളർത്താൻ ഉതകുന്ന തരത്തിൽ ശാസത്രപരീക്ഷണങ്ങളിൽ ഏർപ്പെടുകയും പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്നു.
* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
* വ്യക്തി ശുചിത്വ ബോധവും പരിസര ശുചിത്വബോധവും ഉണ്ടാക്കുക
* ശാസത്രീയ ചിന്തയും ശാസത്രീയ വീക്ഷണവും വളർത്തുക

**പ്രവർത്തനങ്ങൾ**

* കുട്ടികളുടെ അറിവിനനുസൃതമായി പരീക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നു.
* പരീക്ഷണങ്ങളെ ശാസ്ത്ര മാജിക്കുകളായി രൂപപ്പെടുത്തുന്നു.
* രക്ഷിതാക്കളെയും, വിദഗ്ധരെയും, അധ്യാപകരെയും, പങ്കെടുപ്പിച്ച് ശിൽപ്പശാല സംഘടിപ്പിക്കുന്നു.
* കുട്ടികൾ ശാസ്ത്രപരീക്ഷണങ്ങൾ ഏറ്റെടുക്കുന്നു.
* പരീക്ഷണ സാമഗ്രികൾ വികസിപ്പിക്കുന്നു.
* പരീക്ഷണത്തിലേർപ്പെടുന്നു.
* പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു.

**കാലാവധി** ഒരു വിദ്യാഭ്യാസ വർഷം

MALOT ALP SCHOOL

# അക്കാഡമിക മാസ്റ്റർ പ്ലാൻ

## കായിക വിദ്യാഭ്യാസം

<u>ലക്ഷ്യം</u>

*കുട്ടികളിലെ മാനസിക വികാസം വർദ്ധിപ്പിക്കുന്നതിന്

*കുട്ടികളിലെ കായികശേഷി വർദ്ധിപ്പിക്കുന്നതിന്

*കുട്ടികൾ കായിക ക്ഷമത കൈവരിക്കുന്നു.

*സാമൂഹ്യബോധം വളർത്തുന്നതിന്

*ശരിയായ ശീലങ്ങൾ വളർത്തിയെടുക്കുക.

*സഹകരണ മനോഭാവം ഉണ്ടാക്കുക

*ചുമതലാ ബോധം വളർത്തുക

*സ്പോട്സ്മാൻ സ്പിരിറ്റ് ഉണ്ടാക്കുക.

<u>പ്രവർത്തനം</u>

*സൈക്കിൾപരിശീലനം

*നാടൻ കളികൾ

*കൂട്ടം ചേർന്നുള്ള കളികൾ

*യോഗ പരിശീലനം - ആഴ്ചയിൽ രണ്ട് ദിവസം

*വിവിധയിനം വ്യയാമ മുറകൾ പരിശീലിക്കുക

*വിവിധയിനം കായിക ചലനങ്ങൾ പരിശീലിക്കുക

*വിവിധയിനം ശാരീരിക ചലനവും നാഡീ ചലനവും ക്രമപ്പെടുത്തുക.

*Zumba പരിശീലനം - ആഴ്ചയിൽ രണ്ട് ദിവസം

MALOT ALP SCHOOL

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന **വർഷത്തിൽ** കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ **ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച്** വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

**പ്രവർത്തനങ്ങൾ**

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

**പ്രവർത്തനങ്ങൾ**

- റിഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് ഉടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

**പ്രവർത്തനങ്ങൾ**

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം ഉടങ്ങുന്നു
- രചനോത്സവം ഉടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തിയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർട്ടുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

# Academic master plan

## STD1

## English

**General objectives**

- To improve the ability of the learners to speak ,read and write in English
- To confirm that the learners aquire the aims of each units
- To enrich vocabulary
- To make plans for English language acquisition through easy, and attractive methods
- To enable the learners to enjoy different discourses
- To adopt suitable activities for CWSN learners

| Aim | Activities | Support | Month | Financial resources |
|---|---|---|---|---|
| To develop listening, speaking skills | ◆ Rhymes<br>◆ simple stories<br>◆ riddles<br>◆ Simple instructions<br>◆ Games | Teacher | June | |
| To develop reading skills | ◆ Rhymes<br>◆ simple stories<br>◆ description<br>◆ growing sentences<br>◆ riddles<br>◆ puzzles<br>◆ picture reading cards<br>◆ Describing words from that textbook activities<br>◆ Rhyming words find words from reading materials | Teacher | July | |
| Writing skills | ◆ Makes word web<br>◆ Picture description<br>◆ Growing sentences<br>◆ Word Chain | Teacher | July-March | |
| | ◆ Story telling<br>◆ Enjoy reading stories<br>◆ Write simple stories, conversation<br>◆ Makes riddles | Teacher | October | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ,  ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

- സംഖ്യാ ഗാനങ്ങൾ പാടുന്നു,  ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ   ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി ഇരട്ടി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## രണ്ടാം ക്ലാസ്സ്

MALOT AUP SCHOOL

അക്കാദമിക് മാസ്റ്റർ പ്ലാൻ - രണ്ടാം ക്ലാസ്സ്

ലക്ഷ്യം: രണ്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. . പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മധുരം മലയാളം | ജൂൺ മുതൽ മാർച്ച് വരെ |
| 3. | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് വരെ |
| 4. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ |
| 5. | സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് വരെ |
| 8. | ക്ലാസ് പ്രതം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10. | വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ |
| 11. | ഭാഷോത്സവം | ജനവരി |
| 12. | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 13. | ഗണിത കിറ്റ് | ജൂൺ മുതൽ മാർച്ച് |

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| | | വരെ |
| 14. | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് വീതം |
| 15. | ലഘു പ്രോജക്ട് | ഓരോ മാസവും ഓരോന്ന് വീതം |
| 16. | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 17. | | |
| 18. | | |
| 19. | | |
| 20. | | |
| 21. | | |

മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക | SRG, ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നതുവരെ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| | പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | | | |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | HM, SRG, ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക. | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA, CPTA |
| വായനാകുറിപ്പ്, ആസ്വാദനകുറിപ്പ്, പുസ്തക സംവാദം. | വായനയുടെ ആഴം വർദ്ധിപ്പിക്കുക | HM, SRG, ടീച്ചർ | വർഷം മുഴുവൻ | CPTA |
| എഴുതാം | എഴുത്ത് | SRG, ക്ലാസ് | പ്രതിമാസം | PTA |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| തെളിയാം | പരിപോഷിപ്പിക്കൽ. | ടീച്ചർ | (വർഷം മുഴുവൻ) | |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്രരചന നടത്താനുള്ള ശേഷി നേടുന്നു. | ക്ലാസ് ടീച്ചർ, രക്ഷിതാവ് | ജൂൺ-മാർച്ച് | CPTA (₹ 2000) |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | PTA |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| രുചിച്ചറിയാം ... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | SRG, ക്ലാസ് ടീച്ചർ, PTA | വർഷത്തിലൊന്ന് | |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | SRG, ക്ലാസ് ടീച്ചർ, CPTA | ആവശ്യാനുസരണം | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | HM, SRG, CPTA, ക്ലാസ് ടീച്ചർ | | PTA |
| സർഗ്ഗോത്സവം/കലാവതരണം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | SRG, CPTA, ക്ലാസ് ടീച്ചർ | വർഷത്തിലൊരിക്കൽ | PTA |

**4.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് | ഇംഗ്ലീഷ് | ആഴ്ചയിൽ | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| അസംബ്ലി | ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | രണ്ടു ദിവസം (വർഷം മുഴുവൻ) | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത, രചനശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ / മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാമികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് | വർഷത്തി | SRG, | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഫെസ്റ്റ് | നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | ലൊന്ന് (അവധിക്കാലം) | SMC, ക്ലാസ് ടീച്ചർ | |

5. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്ക | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | ൽ, കര ചലന ശേഷി വികാസം. | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

6. അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA, SSA |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് -3

MALOT ALP SCHOOL

# ക്ലാസ് തലഅക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| • അനയോജ്യമായ ഭാവം, ഒഴുക്ക്, അർത്ഥം പ്രകടമാക്കുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുക<br>• പാഠപുസ്തകങ്ങൾക്കു പുറമെ കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന വിവിധ വായനാ സാമഗ്രികൾ ലഭ്യമാക്കുക. അവ വായിച്ചവതരിപ്പിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ ഒരുക്കുക<br>• വായനയിൽ കുട്ടികൾ പുലർത്തുന്ന മികവ് പൊതു സമൂഹത്തിനുമുന്നിൽ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുക | പാഠപുസ്തകത്തിലെയും ടീച്ചർ ടെസ്റ്റിലെയും പഠനാനുഭവങ്ങൾക്ക് പൂരകമായതും ഭാവാത്മക വായനക്കിണങ്ങുന്നതുമായ പുസ്തകങ്ങളോ പുസ്തക ഭാഗങ്ങളോ സ്കൂൾ ലൈബ്രറിയിൽ നിന്നും മറ്റും വേർതിരിച്ച് ക്രമീകരിക്കൽ സാമഗ്രികൾ | മെയ് 2025 | എസ് ആർ ജി | |
| | കാഴ്ച പരിമിതിയുള്ള കുട്ടിക്ക്കൂടി സഹായകമായ ശ്രവണ പാഠം തയ്യാറാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | പി ടി എ/ സ്പോൺസറിങ് | പ്രവേശനോത്സവം |
| | ഭാവാത്മകമായി വായിച്ചു തയ്യാറാക്കിയ ചില രചനകൾ തൽ സമയം എഴുതിക്കാണിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ സാമഗ്രിയായി തയ്യാറാക്കൽ | ജൂൺ ആദ്യവാരം | ക്ലാസ് പി ടി എ | |
| | കുട്ടികൾക്കിണങ്ങുന്ന പുസ്തകം / പുസ്തകഭാഗം ഭാവാത്മകമായി വായിച്ചുകേൾക്കാനവസരം | ജൂൺ | എസ് ആർ ജി | വായനാപക്ഷാചരണം |
| | കുട്ടികളുടെ പുസ്തക മേള സംഘടിപ്പിക്കൽ | ജൂൺ 19 | സ്കൂൾ പി ടി എ, എസ് എം സി, പൂർവ്വവിദ്യാർത്ഥി സംഘടന.. | |
| | അമ്മമാരുടെ റീഡേഴ്സ് തിയേറ്റർ ശില്പശാല | ജൂലായ് | എസ് ആർ ജി, പ്രാദേശിക വിദഗ്ധർ | |
| | ഭാവാത്മകവായനാവതരണ സന്ദർഭങ്ങൾ | ആഗസ്റ്റ് /സെപ്റ്റംബർ & നവംബർ /ഡിസംബർ | | ക്ലാസ് പിടി എ |
| | | ജനുവരി | | ക്ലാസ് പഠനോത്സവം |
| | പൊതു സമൂഹം നിർദ്ദേശിക്കുന്ന പുസ്തകം നിർദ്ദേശിക്കുന്ന കുട്ടി ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്ന ഭാവാത്മക വായനോത്സവം | 2026 മാർച്ച് | | സ്കൂൾ പഠനോത്സവം |

# വ്യക്തിഗത മാസ്റ്റർ പ്ലാൻ

- വ്യക്തിഗത വിവരങ്ങൾ
- സാമൂഹ്യ പശ്ചാത്തലം
- കുട്ടിയുടെ മികവുകൾ
- പരിമിതികൾ.
- കുട്ടിയുടെ ക്ലാസ് പ്രതിഫലനങ്ങളിൽ നിന്ന് കണ്ടെത്തുന്ന പഠനപ്രക്രിയ സംബന്ധിച്ച കാര്യങ്ങൾ
- കുട്ടിയുടെ പഠനപ്രക്രിയ ഉറപ്പാക്കുന്നതിന് നൽകണമെന്ന് ടീച്ചർ കണ്ടെത്തിയ/കണ്ടെത്തുന്ന കാര്യങ്ങൾ
- കുട്ടിയിൽ കാണുന്ന സവിശേഷമായ മേഖലകളിലെ പഠന പ്രക്രിയയിലെ പുരോഗതി
- കുട്ടിയുടെ പഠനപ്രക്രിയയിലെ വളർച്ച കാണിക്കുന്ന പഠനത്തെളിവുകൾ

MALOT ALP SCHOOL

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം വൃത്തം,തൃകോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രി – ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുഷ്ക്കോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസത് | അധ്യാപകൻ | ഇല്ല |
| | *നാണയങ്ങൾ, കളിനോട്ടുകൾ *പാറ്റേണുകൾ,(ഗണിതക്ലബ്ബ്) | ആഗസത് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉണ്ടാക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല |
| സങ്കലന വ്യവകലനക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | * മന കണക്കുകൾ *നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല |
| ഗുണന വസ്തുതകൾ നേടൽ | * മന കണക്കുകൾ * മഞ്ചാടിക്കളി | ഡിസംബർ – ജനുവരി | അധ്യാപകൻ, കുട്ടികൾ സി പി ടി എ | ഇല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | * നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി – മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല |

MALOT ALP SCHOOL

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ലബോധം ഉണ്ടാക്കുക ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തരം തിരിക്കൽ<br>പ്രകൃതി സംരക്ഷണം. പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | *മണ്ണ്, ജലം വായു എന്നിവ സംരക്ഷി ക്കുന്നതിനാവശ്യമായപോസ്റ്ററുകൾ സ്ഥാപിക്കുക.<br>*മഴക്കുഴി നിർമ്മാണം<br>*വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ | ആഗസ്ത് സെപ്റ്റംബർ | *അധ്യാപകൻ<br>*പി ടി എ<br>*ഹരിത കർമ്മസേന<br>പി ടി എ | പി ടി എ |
| വ്യക്തി ശുചിത്വം | *കൈ കഴുകൽ – പരിശീലനം<br>*പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധയിടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ ഒക്ടോബർ | ജെ ആർ സി യൂനിറ്റ്<br><br>അധ്യാപകൻ, കുട്ടികൾ | *പി ടി എ<br><br>ഇല്ല |

MAOT ALP SCHOOL

# ACADEMIC MASTER PLAN

**ക്ലാസ് -3** **ENGLISH**

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | Pre-test, Write simple words | June - July | Teacher, Students | P T A |
| To study, write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the classroom | Classroom communication should be in English (e.g., "May I go to the bathroom?")<br>• Hello<br>• Hello everyone<br>• Good morning<br>• Good morning everyone<br>• Good morning class<br>• Good afternoon everyone<br>• How are you?<br>• How are you all?<br>• How are you today?<br>• Let us take attendance etc. | Academic year | Teacher, Students, Parents | Nil |

MALOT ALP SCHOOL

# അക്കാദമിക് മാസ്റ്റർപ്ലാൻ

## നാലാം ക്ലാസ്സ്

MALOT ALP SCHOOL

# അക്കാദമിക് മാസ്റ്റർപ്ലാൻ

## നാലാം ക്ലാസ്സ്

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

**1.** മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റ് സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3.** കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

4. അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## അറബിക്

## ക്ലാസ് I–IV

MALOT ALP SCHOOL

# 1.അറബിക് മധുരം

**ലക്ഷ്യം:**

അറബിക് ഭാഷയിൽ പിന്നോക്കംനില്ക്കുന്ന കുട്ടികളെ
പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി..

**പ്രവർത്തനം**

ടെസ്റ്റ് നടത്തി പിന്നോക്കം
നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.

അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക്
കമ്പ്യൂട്ടറിലെ പൈന്റി അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക..

ഓരോ കുട്ടികള്ക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത
അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽ നോട്ടത്തിൽ കുട്ടികൾ
ഗൈമിലൂടേ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു
പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത
സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക

**കാലയളവ് :**

2 മാസം

**ഭൗതികം :**

പുസ്തകങ്ങൾ, ക മ്പ്യൂട്ടർ

**പിന്തുണ :**

ഡയറ്റ്, BRC , പുർവ്വ വിദ്യാർത്ഥികൾ

## 2. വായനാ ലോകം

**ലക്ഷ്യം:**

- കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ
- നല്ലവായനക്കാരനാക്കുക

**പ്രവർത്തനം**

1. തെരഞ്ഞെടുത്ത ലളിതമായഅറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)
   പുസ്തകങ്ങൾ:
   ചിത്ര കഥ (അറബിക്)
   കഥ പുസ്തകം (അറബിക്)
   കുട്ടിക്കവിതകൾ (അറബിക്)
   വിവരണ ബുക്കുകൾ (അറബിക്)
   അറബിക് ക്വിസ്

2. ക്ലാസ്സ് വായന:
   ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക
   വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക
   കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നല്കുക

**കാലയളവ് :**

6 മാസം

**ഭൗതികം :**

പുസ്തകങ്ങൾ, സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി

**പിന്തുണ :**

- അറബിക് അധ്യാപകർ,
- റിട്ടയർചെയ്ത നാട്ടിലെ അറബിഭാഷ അധ്യാപകർ,
- നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ
- ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ
- സ്പോൺസർഷിപ്പിലൂടെപണം സമാഹരിക്കൽ
- സർക്കാർ ഫണ്ട്

# 3. ആസ്വാദന ലോകം

**ലക്ഷ്യം:**

സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

**പ്രവർത്തനം**

1. ആസ്വാദന സഭ:
   പാടാനും പറയാനും കഴിയുന്ന മികച്ചപ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനുംശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ... ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം.....

2. കാഴ്ചയും കേൾവിയും:
   നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം.

3. ഉദാഹരണം:
   ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ,ആനിമേഷൻ വീഡിയോകൾ, ധാർമിക കഥകൾ, ഡോക്യുമെന്ററികൾ

**കാലയളവ് :**

6 മാസം

**ഭൗതികം :**

സ്കൂൾ ഹാൾ
ലാംഗ്വേജ് ലാബ്
എൽ.സി.ഡി കമ്പ്യൂട്ടർ

## 4. അനുഭവ ലോകം

**ലക്ഷ്യം**

അറബിക് ലാംഗ്വേജ് ലാബ്

**പ്രവർത്തനം**

• വിദേശ ഭാഷ പഠനം ഏറ്റവുംസാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണു. അറബി ഭാഷാ പഠനത്തിനു ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.

• തനതായ അറബി ഭാഷാ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.

• ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി. പ്രോജക്റ്ററിന്റെ സഹായത്തോടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കുവാനുമുള്ള അവസരം.

**കാലയളവ് :**

6 മാസം

## 5. അറബിക് അസംബ്ലി

- ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക
- ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക
- ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക
- പുസ്തകം പരിചയപ്പെടുത്തൽ
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ

## 6. പദപരിചയം

**ലക്ഷ്യം**:

അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ

**പ്രവർത്തനം**

► അറബിക് അധ്യാപകന്റെ മേൽ നോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്കു ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസിലെ നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.

► ക്ലാസിലെ ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.

► പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..

► എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിലത്തൽ നടത്തുന്നു.
മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു

## 7. ദിനാചരണങ്ങൾ

• സ്കൂളി നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു

• നേരത്തെ നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ളപോസ്റ്ററുകൾ നിർമ്മിക്കുന്നു

## 8. എഴുത്തിന്റെ ലോകം

ലക്ഷ്യം:

കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ

പ്രവർത്തനം

- അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, റുഖഇ) എഴുത്തുകളാണു.
- ഓരോ കുട്ടികള്ക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ
- വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക
- ചുമർ പത്രിക
- മാസിക നിർമ്മാണം
- ചുമർ പത്രിക നിർമ്മാണം
- വായനാ കാർഡ് നിർമ്മാണം

## 9. മത്സരങ്ങളുടെ ലോകം

മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക.

ഉദാഹരണം:

- കിസ്
- പദ നിർമ്മാണം
- കഥ പറയൽ
- കവിത ചൊല്ലൽ
- പദപ്രശ്നം
- കളറിങ്ങ്
- മെമ്മറി ടെസ്റ്റ്
- ഗദ്യ വായന
- ആംഗ്യ ഗാനം
- ഖുർആൻ പാരായനം
- പദപ്പയറ്റ്
- പസിൽസ്

# 10.അറബിക് ഫെസ്റ്റ്

- അന്താരഷ്ട്ര അറബിക് ദിനത്തിലോ മറ്റോ ഒരു ഫുൾഡേ/ഹാഫ്ഡേ അറബിക് ഫെസ്റ്റ് നടത്തുക
- കാര്യപരിപാടികൾ:

  ഉത്ഘാടനം

- ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)
- മികച്ച അറബിക് കലാ അവതരണം
- തൊട്ടടുത്ത അറബിക് കവി/സാഹിത്യകാരൻ/പണ്ഡിതനെ.പങ്കെടുപ്പിക്കൽ ആദരിക്കൽ
- തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം
- അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി)

MALOT ALP SCHOOL